# ADMISSION GUIDELINES

**മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്പ്മെന്റ് ആന്റ് ഓൺട്രപ്രണർഷിപ്പിന് കീഴിലുള്ള നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഹെൽത്ത്കെയർ കോഴ്സുകൾക്ക് അഡ്മിഷൻ എടുക്കുന്നതിന് മുൻപായി വിദ്യാർത്ഥികൾ നിർബന്ധമായും ചോദിച്ച മനസ്സിലാക്കേണ്ടതും അനുവർത്തി ക്കേണ്ടതുമായ കാര്യങ്ങൾ.**

- NSDC ഹെൽത്ത്കെയർ കോഴ്സുകളിലേക്ക് അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സ് പ്രോഗ്രാം ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുള്ളതിന്റെ ഉദ്ദേശത്തെ പറ്റിയും, കോഴ്സ് പാക്കേജ് തയ്യാറാക്കിയിരിക്കുന്ന **National Skill Development Corporation**-ന്റെ പ്രാധാന്യം, വിവിധ അസ്സെസ്സ്മെന്റ് രീതികൾ, ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ മാതൃകയും, അംഗീകാരങ്ങളും, ട്രെയ്നിംഗിന്റെ ഭാഗമായി NSDC നിർദ്ദേശിച്ചിട്ടുള്ള OJT പ്രോഗാം, തുടങ്ങി കോഴ്സുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വളരെ വ്യക്തമായി ചോദിച്ച മനസ്സിലാക്കുകയും, ആവശ്യമാകുന്ന പക്ഷം **95 39 31 10 10** എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ വിളിച്ച് വ്യക്തത നേടുകയും ചെയ്തതിന് ശേഷം മാത്രമേ വിവിധ NSDC അംഗീകൃത ഹെൽത്ത്കെയർ സെന്ററുകളിൽ അഡ്മിഷൻ എടുക്കുവാൻ പാടുകയുള്ളൂ. അഡ്മിഷൻ എടുത്തതിനു ശേഷം ഇത്തരം കാര്യങ്ങളിലുള്ള യാതൊരു തരത്തിലുമുള്ള പരാതിയും സ്വീകരിക്കുന്നതല്ല.

**കോഴ്സിന് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ www.healthcare.iibeducation.com എന്ന NSDC-TP യുടെ വെബ്പോർട്ടലിൽ രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത എന്താണ്?**

- വിദ്യാർത്ഥികൾ അപേക്ഷാ ഫോം പൂരിപ്പിച്ച് പഠിക്കുവാനുദ്ദേശിക്കുന്ന ഹെൽത്ത്കെയർ ഓർഗനൈസേഷനിൽ സമർപ്പിച്ചതുകൊണ്ട് മാത്രം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ഉറപ്പിക്കാൻ സാധിക്കുകയില്ല. അപേക്ഷാ ഫോം സമർപ്പിച്ചതിനുശേഷം വിദ്യാർത്ഥികൾ **+91 95 39 31 10 10** എന്ന ഹെൽപ് ലൈൻ നമ്പറുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിട്ടുള്ള ഫീസ് അടക്കുകയും, തുടർന്ന് അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷാ ഫോം നമ്പർ ഉപയോഗിച്ച് ഓൺലൈൻ എൻറോൾമെന്റ് പൂർത്തീകരിച്ച് അഡ്മിഷൻ സ്ലിപ് കൈപ്പറ്റിയാൽ മാത്രമേ വിദ്യാർത്ഥികളുടെ അഡ്മിഷൻ ഔദ്യോഗികമായി അംഗീകരിക്കുകയുള്ളൂ.
- കോഴ്സിന് നിർദ്ദിഷ്ട ഫീസടച്ച് പ്രവേശനം നേടുകയും തുടർന്ന് വെബ്സൈറ്റിലെ **(www.healthcare. iibeducation.com) SECTION II** എന്ന ഓപ്ഷൻ ഉപയോഗിച്ച് എൻറോൾമെന്റ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം ലഭ്യമാകുന്ന യൂസർ ഐഡിയും പാസ്സ്വേഡും ഉപയോഗിച്ച് സ്റ്റുഡന്റ്

അക്കൗണ്ടിൽ **(www.student.healthcare.iibeducation.com)** ലോഗിൻ ചെയ്ത് വിദ്യാർത്ഥികൾ **Admission Slip** വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കുകയും കോളേജിൽ നിന്നും ലഭ്യമായിട്ടുള്ള അപ്ഡേറ്റഡ് ഫീ കാർഡും കൂടി ആദ്യ ക്ലാസിന് പ്രവേശിക്കുന്ന സമയത്ത് അധ്യാപകന്റെ കൈവശം സമർപ്പിക്കുന്നതോടെയാണ് ഒരു വിദ്യാർത്ഥിയുടെ കോഴ്സുമായി ബന്ധപ്പെട്ട പ്രവേശന നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാകുന്നത്. ആയതിനാൽ കോഴ്സുമായി ബന്ധപ്പെട്ട പ്രവേശന നടപടിക്രമങ്ങൾ എല്ലാം തന്നെ വിജയകരമായി പൂർത്തിയായിട്ടുണ്ടെന്ന് വിദ്യാർത്ഥി നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

- മാത്രമല്ല കോഴ്സുമായി ബന്ധപ്പെട്ട് NSDC അംഗീകൃത സ്കിൽ ട്രെയിനിംഗ് സെന്ററിൽ നിന്നും, NSDC - TP യിൽ നിന്നുമുള്ള ഒഫീഷ്യൽ കമ്മ്യൂണിക്കേഷനുകൾ എല്ലാം തന്നെ വിദ്യാർത്ഥികളെ അറിയിക്കുന്നത് വിദ്യാർത്ഥികൾ വെബ്സൈറ്റിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ചുകൊണ്ട് ക്രിയേറ്റ് ചെയ്തിട്ടുള്ള സ്റ്റുഡന്റ് അക്കൗണ്ട് വഴി ആയിരിക്കും. കൂടാതെ കോഴ്സുമായി ബന്ധപ്പെട്ട സർക്കുലറുകൾ, നോട്ടിഫിക്കേഷനുകൾ, എക്സാം രജിസ്ട്രേഷൻ, റിസൾട്ട് പബ്ലിഷിംഗ്, സർട്ടിഫിക്കറ്റ് ഡിസ്ട്രിബ്യൂഷൻ സ്റ്റാറ്റസ് തുടങ്ങിയ എല്ലാത്തരം ആക്ടിവിറ്റികളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭിക്കുന്നതിന് വെബ്പോർട്ടലിൽ വിദ്യാർത്ഥികൾ ഓൺലൈൻ എൻറോൾമെന്റ് പ്രോസസ്സ് നിർബന്ധമായും പൂർത്തീകരിക്കുകയും കൂടാതെ റെഗുലർ ആയി പ്രസ്തുത സ്റ്റുഡന്റ് അക്കൗണ്ട് സന്ദർശിക്കേണ്ടതുമാണ്.

**കോഴ്സിന് അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ www.healthcare.iibeducation.com എന്ന NSDC-TP യുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന ചുവടെ നൽകിയിരിക്കുന്ന വിവിധ SECTION-നുകൾക്കനുസരിച്ച് അവരുടെ അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.**

## SECTION – I

## കോഴ്സിന് അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിന് :

അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷാ ഫോമുകൾ ലഭിക്കുന്നതിനായി **www.healthcare.iibeducation.com** എന്ന NSDC-TP യുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന **SECTION-1** ൽ നൽകിയിട്ടുള്ള "Download Application Form" എന്ന ഓപ്ഷൻ ഉപയോഗിച്ചുകൊണ്ട്, ഡൗൺലോഡ് ചെയ്ത്, പ്രിന്റ് ചെയ്യാവുന്നതാണ്. തുടർന്ന് വിദ്യാർത്ഥികൾ അപേക്ഷാ ഫോമിന്റെ താഴെയുള്ള ഭാഗം (Acknowledgement Slip) മുറിച്ചെടുത്തതിനുശേഷം, തെറ്റുകൂടാതെ പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ പഠിക്കുവാനാഗ്രഹിക്കുന്ന ഹെൽത്ത്കെയർ ഓർഗനൈസേഷനിൽ നേരിട്ട്

സമർപ്പിക്കുകയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിഷ്കർഷിച്ചിട്ടുള്ള മേൽവിലാസത്തിൽ തപാൽ മാർഗ്ഗത്തിൽ രജിസ്റ്റേർഡ് പോസ്റ്റ് ആയി അയക്കുകയോ ചെയ്യേണ്ടതാണ്.

## SECTION – II

**കോഴ്സിന് നിർദ്ദിഷ്ട ഫീസടച്ച് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ ഓൺലൈൻ എൻറോൾമെന്റ് പൂർത്തീകരിക്കുന്നതിനുവേണ്ടി :**

- കോഴ്സിന് നിർദ്ദിഷ്ട ഫീസടച്ച് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ അഡ്മിഷൻ പ്രോസസ്സ് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വെബ്സൈറ്റിൽ **SECTION-II-വിൽ** എൻറോൾമെന്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വിദ്യാർത്ഥികൾ പൂർത്തീകരിക്കേണ്ടതാണ്. അതിനാൽ നിർദ്ദിഷ്ട ഫീസടച്ച് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ **www.healthcare.iibeducation.com** എന്ന NSDC-TP യുടെ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് **SECTION-II-വിലെ "ENROLLMENT FOR FEE PAID STUDENTS"** എന്ന ഓപ്ഷൻ ഉപയോഗിച്ചുകൊണ്ട് എൻറോൾമെന്റ് പ്രോസസ്സ് വിജയകരമായി പൂർത്തീകരിക്കേണ്ടതാണ്.
- OTP വെരിഫിക്കേഷൻ പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ ഇ-മെയിൽ ഐഡിയിൽ ലഭ്യമാകുന്ന യൂസർ ഐഡിയും, പാസ്സ്‌വേഡും ഉപയോഗിച്ച് സ്റ്റുഡന്റ് അക്കൗണ്ടിൽ വിദ്യാർത്ഥി ലോഗിൻ ചെയ്യുമ്പോൾ വിദ്യാർത്ഥിയുടെ സ്റ്റാറ്റസ് **"Admission Fees Not Verified"** എന്നായിരിക്കും. ആയതിനാൽ നിർദ്ദിഷ്ട ഫീസടച്ച് അഡ്മിഷൻ പൂർത്തീകരിച്ച് 10 പ്രവർത്തി ദിവസങ്ങൾക്കകം സ്റ്റുഡന്റ് അക്കൗണ്ടിൽ **(www.student.healthcare.iibeducation.com)** വിദ്യാർത്ഥി **"Admission Fees Verified"** എന്ന സ്റ്റാറ്റസിലേക്ക് മാറുന്നതാണ്. കൂടാതെ ഏതെങ്കിലും കാരണവശാൽ അഡ്മിഷൻ പൂർത്തീകരിച്ച് 10 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ സ്റ്റുഡന്റ് അക്കൗണ്ടിൽ വിദ്യാർത്ഥിയുടെ സ്റ്റാറ്റസ് **Admission Fees Verified= "Yes"** എന്നതിനു പകരം **"No"** എന്ന് തന്നെയാണെങ്കിൽ **99 46 10 92 90** എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെട്ട് വിവരം ബോധിപ്പിക്കുകയും ശേഷം സ്റ്റുഡന്റ് അക്കൗണ്ടിലെ **Admission Fees Verification status ="Yes"** എന്ന സ്റ്റാറ്റസിലേക്ക് മാറിയിട്ടുണ്ടെന്ന് വിദ്യാർത്ഥികൾ നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

## വിദ്യാർത്ഥികളുടെ പ്രവേശന നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട്

- കോഴ്സിന് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഹെൽത്ത്കെയർ ഓർഗനൈസേഷൻ നിർദ്ദേശിച്ചിട്ടുള്ള തീയ്യതികളിൽ തന്നെ നിർദിഷ്ട രേഖകൾ സഹിതം നിർദ്ദേശിച്ചിട്ടുള്ള അഡ്മിഷൻ ഫീസും ചേർത്ത് നേരിട്ട് വന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- തുടർന്ന് വിദ്യാർത്ഥി കൊണ്ടുവന്നിട്ടുള്ള രേഖകൾ കോളേജ് അധികൃതർ വെരിഫിക്കേഷൻ നടത്തുകയും വിദ്യാർത്ഥികൾക്ക് സീറ്റ് അലോട്ട് ചെയ്യുകയും ചെയ്യുന്നു. ശേഷം വിദ്യാർത്ഥി നിർദിഷ്ട അഡ്മിഷൻ ഫീസ് അടച്ച് ഫീസ് രസീത് കൈപ്പറ്റേണ്ടതാണ്. ഇത്തരത്തിൽ ഫീസ് രസീത് കൈപ്പറ്റുമ്പോൾ ഹെൽത്ത് കെയർ ഓർഗനൈസേഷനിൽ നിന്നും ലഭിക്കുന്ന ഫീസ് കാർഡിലും ഫീസ് രസീതിലും സ്റ്റുഡൻസ് ഐഡി കാർഡിലും അപേക്ഷ ഫോം നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഫീസ് കാർഡ്, ഫീസ് രസീത്, സ്റ്റുഡൻറ് ഐഡി കാർഡ് എന്നിവ വിദ്യാർത്ഥി ആദ്യ ക്ലാസിന് പ്രവേശിക്കുന്ന ദിവസം അധ്യാപകന് പരിശോധനയ്ക്ക് വേണ്ടി സബ്മിറ്റ് ചെയ്യുന്നതിലേക്കായി സൂക്ഷിച്ച വയ്ക്കേണ്ടതാണ്. അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ സ്കിൽ ട്രെയിനിങ് സെൻററിൽ നിന്നും ലഭിച്ച അവരുടെ ഫീസ് കാർഡിൽ അപ്ഡേറ്റ് ആയ ഫീസ് ഡീറ്റെയിൽസ് തന്നെയാണോ സ്റ്റുഡൻസ് സൈറ്റിൽ www.student.healthcare.iibeducation.com ലോഗിൻ ചെയ്യുമ്പോൾ കാണുന്നതെന്ന് ആദ്യ ക്ലാസിൽ വരുമ്പോൾ തന്നെ വെരിഫൈ ചെയ്യേണ്ടതാണ്.